പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI

# (വിദ്യാഭ്യാസം)

## സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം ചർച്ച ചെയ്തത്, ചട്ടം 239 (2) പ്രകാരം സമർപ്പിക്കുന്നു

2018 ഏപ്രിൽ 4-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

# സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം ചർച്ച ചെയ്തത്, ചട്ടം 239 (2) പ്രകാരം സമർപ്പിക്കുന്നു

705/2018.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2016-2018)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

പ്രൊഫ. സി. രവീന്ദ്രനാഥ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

ശ്രീ. എ. സി. മൊയ്തീൻ,
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലീമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം തയ്യാറാക്കിയിട്ടുള്ള വിദ്യാഭ്യാസം സംബന്ധിച്ച VI-ാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ ചട്ടം 239(2) പ്രകാരം സമർപ്പിക്കുന്നു.

ലഹരി വസ്തുക്കളുടെ ഉപയോഗവും വിപണനവും ഒരു സാമൂഹ്യവിപത്തായി പരിണമിച്ചിരിക്കുന്ന ഇക്കാലത്ത് ഭാവിതലമുറയെയെങ്കിലും ഇതിൽ നിന്നും അകറ്റി നിർത്തേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വവും കടമയും ആകുന്നു. ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ചാകണം. നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും ഗുരുതരമായ സാമൂഹിക-ആരോഗ്യ പ്രശ്നമാണ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം. രാഷ്ട്രനിർമ്മാണത്തിന് സജ്ജരാകേണ്ട തലമുറയെ ഈ മഹാവിപത്തിൽ നിന്നും രക്ഷപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ആരോഗ്യകുടുംബ ക്ഷേമം, എക്സൈസ്, സാമൂഹ്യനീതി എന്നീ വകുപ്പുദ്യോഗസ്ഥർ, വിവിധ സ്കൂൾ പ്രതിനിധികൾ, അദ്ധ്യാപക രക്ഷകർത്തൃ പ്രതിനിധികൾ, ഗവൺമെന്റേതര സംഘടനകൾ എന്നിവരുമായി 21-10-2017, 18-11-2017, 19-12-2017 എന്നീ തീയതികളിൽ യഥാക്രമം തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ വച്ച് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI യോഗം ചേർന്ന് ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയുമുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതും ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും സർക്കാരും ഇക്കാര്യത്തിൽ അടിയന്തരമായി കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2018 മാർച്ച് 28-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2018 മാർച്ച് 28.

## റിപ്പോർട്ട്

നമ്മുടെ സംസ്ഥാനം സാക്ഷരതയിലും ആരോഗ്യ പരിപാലനത്തിനും ഇന്ത്യയിലെ തന്നെ പ്രഥമസ്ഥാനം അലങ്കരിക്കുന്നു എന്ന് അഭിമാനിക്കുമ്പോൾ മദ്യ/ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗത്തിലും സംസ്ഥാനത്തിന്റെ സ്ഥാനം ഒന്നാമതാണെന്നുള്ളത് ലജ്ജാവഹമായ ഒരു വസ്തുതയാണ്. മൂന്ന് പതിറ്റാണ്ട് മുമ്പ് വരെ 'ഡ്രഗ്' എന്ന പദം കൊണ്ട് അർത്ഥമാക്കിയിരുന്നത് ജീവൻ രക്ഷാ ഉപാധികളെയായിരുന്നു. ഇളം തലമുറയെ വിടരുന്നതിന് മുമ്പ് തന്നെ തല്ലിക്കൊഴിക്കാൻ കെൽപ്പുള്ള മയക്കുമരുന്നിനെയാണ് ഇന്ന് നാം 'ഡ്രഗ്' എന്ന ഓമനപ്പേര് നൽകി വിളിക്കുന്നത് എന്നത് ഒരു വിരോധാഭാസമാണ്. നമ്മുടെ സമൂഹത്തിൽ ആഴത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ വിപത്തിന്റെ നീരാളിപ്പിടിയിൽ നമ്മുടെ ഭാവിയുടെ പ്രതീക്ഷകളാകേണ്ട വിദ്യാർത്ഥികളും ഉൾപ്പെടുന്നു എന്ന ഭീകരാവസ്ഥയ്ക്ക് മുമ്പിൽ പകച്ച് നിൽക്കുകയാണ് ഇന്ന് നമ്മുടെ സംസ്ഥാനം. വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേസുകളിൽ വന്ന വർദ്ധനവാണ് ഇതിനുള്ള ഉത്തമ ദൃഷ്ടാന്തങ്ങൾ.

2. ആയതിനാൽ നമ്മുടെ കുഞ്ഞുങ്ങളെ എന്ത് വിലകൊടുത്തും ഈ വിപത്തിൽ നിന്നും രക്ഷിക്കേണ്ടത് ഏതൊരു സർക്കാരിന്റെയും കടമയും ബാദ്ധ്യതയും ഉത്തരവാദിത്വവുമാണെന്ന് സമിതി വിശ്വസിക്കുന്നു. ഈ മഹാവിപത്തിനെതിരെ വിവിധ സർക്കാർ വകുപ്പുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് സർക്കാരിനോടൊപ്പംതന്നെ രക്ഷിതാക്കൾ, അദ്ധ്യാപകർ, പൊതു പ്രവർത്തകർ എന്നിവരുടെ കൂട്ടായ പരിശ്രമം അത്യന്താപേക്ഷിതമാണ്.

3. ഒരു കുട്ടിക്ക് വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ലഭിക്കുന്ന ശിക്ഷണങ്ങളെ ആശ്രയിച്ചായിരിക്കും അവന്റെ വ്യക്തിത്വ വികസനം. ഒരു കുട്ടിയുടെ ജീവിതത്തിലെ ആദ്യ പാഠശാല അവന്റെ വീടാണ്. നല്ല കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുട്ടികളുടെ മാനസിക-ശാരീരികാവസ്ഥ സന്തുലിതമായിരിക്കും. കുടുംബത്തിൽ നിന്നും അവന് ലഭിക്കുന്ന പിന്തുണ പുറംലോകത്തെ വെല്ലുവിളികളെ നേരിടുന്നതിന് അവനെ പ്രാപ്തനാക്കും എന്നത് സംശയമില്ലാത്ത വസ്തുതയാണ്.

4. എന്നാൽ ശിഥിലമായ കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുട്ടികളിൽ ഉണ്ടാകുന്ന അരക്ഷിതാവസ്ഥയാണ് കുഞ്ഞുങ്ങളെ ചെറുപ്രായത്തിൽ തന്നെ ലഹരി വസ്തുക്കളിൽ അഭയം തേടുന്നതിലേയ്ക്ക് തള്ളിവിടുന്നതിൽ ഒരു പ്രധാന ഘടകം. മയക്കുമരുന്നിനടിമകൾ ആകുന്ന 70% കുട്ടികളും ഇത്തരം കുടുംബാന്തരീക്ഷത്തിൽ നിന്നുള്ളവരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

5. മൂന്ന് പതിറ്റാണ്ടു മുമ്പ് പകൽ മുഴുവൻ കഠിനാധ്വാനം ചെയ്യുന്ന ഒരുവന് അന്തിക്ക് തന്റെ കുടുംബത്തോടൊപ്പം ചെലവിടുന്നതിന് സമയം കണ്ടെത്തുവാൻ സാധിച്ചിരുന്നു. എന്നാൽ യന്ത്രവൽകൃതമായ ഈ കാലഘട്ടത്തിലെ ആധുനിക മനുഷ്യന് തന്റെ കുടുംബവുമായി ചെലവിടുന്നതിന് സമയം കണ്ടെത്താനാകുന്നില്ലെന്നത് ഒരു വിരോധാഭാസ

മാണ്. കുടുംബ ശിഥിലതയുടെ തുടക്കം ഇവിടെയാണ്. പരസ്പര സ്നേഹവും സഹവർത്തിത്ത്വവും ഇല്ലാതെ വരുമ്പോൾ കുടുംബജീവിതം യാന്ത്രികമാകുന്നു. ഈ അവസ്ഥ ഏറ്റവും കൂടുതൽ ബാധിക്കുന്നത് കുടുംബത്തിലെ കുഞ്ഞുങ്ങളെയാണ്. കുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതമാക്കുവാനുള്ള നെട്ടോട്ടത്തിൽ മാതാപിതാക്കൾക്ക് പലപ്പോഴും തങ്ങളുടെ കുഞ്ഞുങ്ങളുടെ കൊച്ചു കൊച്ചു സന്തോഷങ്ങൾ പങ്കുവെയ്ക്കുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സമയം ഇല്ലാതെ പോകുന്നു. വിദ്യാർത്ഥികളെ മാതാപിതാക്കൾ അവരുടെ ദൈനംദിന വിശേഷങ്ങൾ പങ്കുവെയ്ക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും അതിനായി സമയം കണ്ടെത്തുകയും വേണം. ഇപ്രകാരം ചെയ്യുന്നത് വഴി കുട്ടികൾക്ക് ഒരു സുരക്ഷിതത്വ ബോധവും മാതാപിതാക്കളിൽ കുട്ടികൾക്ക് ഒരു അടിയുറച്ച വിശ്വാസവും വളർത്തിയെടുക്കുന്നതിന് സഹായകരമാകും. കുട്ടികളിൽ ഉണ്ടാകുന്ന ശാരീരിക മാനസിക വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിന് രക്ഷിതാക്കൾക്ക് ഇത്തരം സംഭാഷണങ്ങൾ സഹായകരമാകുകയും ചെയ്യും. കുഞ്ഞുങ്ങളെ ഉത്തമ പൗരന്മാരാക്കി വളർത്തിയെടുക്കുന്നതിനുള്ള ആദ്യ പടിയെന്ന നിലയ്ക്ക് മാതാപിതാക്കൾ കുട്ടികളുമായി ചെലവിടുന്നതിന് സമയം കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഈ അവസരങ്ങൾ കുട്ടികളിൽ സത്ഗുണങ്ങൾ വളർത്തിയെടുക്കുന്നതിന് ഉതകുന്ന വേദികൾ ആക്കി മാറ്റുന്നതിന് അവർ ശ്രമിക്കുന്നത് ഉചിതമായിരിക്കും. ചിത്രങ്ങൾ, കഥകൾ എന്നിവയിലൂടെ മദ്യം, ലഹരിമരുന്ന് എന്നിവയുടെ ഉപയോഗംമൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ആദ്യ പാഠങ്ങൾ കുട്ടികൾക്ക് പകർന്നു നൽകുന്നതിന് ഈ അവസരം മാതാപിതാക്കൾക്ക് ഉപയോഗിക്കാം. വെള്ളക്കടലാസുപോലെയുള്ള കുട്ടിയുടെ മനസ്സിൽ പതിയുന്ന ഇത്തരം അറിവുകൾ, അവനെ ഭാവിയിൽ മദ്യം/മയക്കമരുന്ന് എന്നിവയിൽ നിന്നും അകന്നു നിൽക്കുന്നതിന് സഹായകരമാകും.

6. മിക്ക കുട്ടികൾക്കും ലഹരി വസ്തുക്കൾ, മദ്യം മുതലായവയുടെ ഉപയോഗം ആദ്യമായി കാണുന്നതിനും അത് പരീക്ഷിക്കുന്നതിനും വേദിയാകുന്നത് സ്വഭവനങ്ങൾ ആണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വീടുകളിൽ നടത്തുന്ന സൽക്കാരങ്ങൾ, ആഘോഷങ്ങൾ എന്നീ അവസരങ്ങളിൽ മദ്യസൽക്കാരം ഒഴിവാക്കുന്നതും, ലഹരിവസ്തുക്കളുടെ ഉപയോഗം വർജ്ജിക്കുന്നതും അഭികാമ്യമായിരിക്കും എന്ന് സമിതി അഭിപ്രായപ്പെടുന്നു.

7. കുട്ടികൾക്ക് രക്ഷിതാക്കൾ 'പോക്കറ്റ്മണി' എന്ന പേരിൽ നൽകുന്ന തുക അവർ ഏതു തരത്തിൽ ആണ് ചെലവഴിക്കുന്നത് എന്നതിനെപ്പറ്റി മാതാപിതാക്കൾക്ക് വ്യക്തമായ ധാരണ ഉണ്ടാകേണ്ടതാണ്.

8. കുട്ടികളിൽ അനാവശ്യ മത്സരബുദ്ധി വളർത്തുന്നതിന് മാതാപിതാക്കൾ ചെറുതല്ലാത്ത ഒരു പങ്കുവഹിക്കുന്നുണ്ടെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ഇത് കുട്ടികളിൽ

അമിത ഉൽകണ്ഠയും അപകർഷതാബോധവും വളരുന്നതിന് കാരണമാകുന്നു. തൻമൂലമുണ്ടാകുന്ന മാനസിക പിരിമുറുക്കത്തിൽ നിന്നും രക്ഷനേടുന്നതിനായി അവൻ മദ്യത്തിലും മയക്കുമരുന്നിലും അഭയം തേടുന്നു. ഓരോ കുട്ടിയും അമൂല്യനാണ്. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ കഴിവുകൾ മനസ്സിലാക്കി അവരെ പ്രോത്സാഹിപ്പിക്കുന്നതിനും കുട്ടികളുടെ പരിമിതികൾ മറികടക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

9. സ്കൂൾ വിദ്യാർത്ഥികളുടെ മാതാപിതാക്കൾ അവരുടെ കൂട്ടുകാരും അവരുടെ കുടുംബവുമായി സൗഹൃദബന്ധം സ്ഥാപിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കുട്ടികളിൽ മാതാപിതാക്കൾക്കുള്ള അമിതവിശ്വാസം ചൂഷണത്തിന് ഇടയാകാതിരിക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ മക്കളെക്കുറിച്ച് മറ്റുള്ളവരിൽ നിന്നും അറിയുന്ന വസ്തുതകളുടെ നിജസ്ഥിതി അറിയുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

10. കുട്ടികളിൽ സ്വഭാവ ,വൈകല്യമോ മയക്കുമരുന്ന് ഉപയോഗമോ കണ്ടുതുടങ്ങിയാൽ അതിന് ഫലപ്രദമായ ചികിത്സ തേടുന്നതിന് മാതാപിതാക്കൾ തയ്യാറാകേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

11. സ്കൂൾ/കോളേജുകൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്ന വിവിധതരം ബോധവൽക്കരണ ക്ലാസുകളിലും, പി.റ്റി.എ. മീറ്റിംഗുകളിലും മാതാപിതാക്കൾ നിർബന്ധമായും പങ്കെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അദ്ധ്യാപകരുമായി ഒരു നല്ല ബന്ധം സ്ഥാപിക്കുന്നതിന് ഈ അവസരങ്ങൾ ഉപയോഗപ്പെടുത്താം എന്നത് മാത്രമല്ല കുട്ടിയെക്കുറിച്ച് വ്യക്തമായ ഒരു ധാരണ രൂപപ്പെടുത്തുന്നതിനും ഈ അവസരങ്ങൾ രക്ഷിതാക്കൾക്ക് സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു. സുദൃഢമായ അദ്ധ്യാപക-രക്ഷകർത്തൃ ബന്ധം കുട്ടികളെ തെറ്റുചെയ്യുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്ന ഒരു ഘടകം കൂടിയായി മാറുന്നു.

12. മദ്യം, ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗം ഏറ്റവും കൂടുതലായി കണ്ടുവരുന്നത് ആദിവാസി മേഖലകളിലാണ്. ഇവയ്ക്ക് എതിരെ സർക്കാർ തലത്തിൽ നടത്തുന്ന ബോധവൽക്കരണ പരിപാടികളെക്കുറിച്ച് ഇക്കൂട്ടർ തീർത്തും അജ്ഞരാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ അടിക്കടി ആദിവാസി മേഖലകളിലും സംഘടിപ്പിക്കണമെന്നും പ്രസ്തുത പരിപാടിയിൽ ഈ കൂട്ടരുടെ മുഴുവൻ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ആശാപ്രവർത്തകർ എന്നിവരുടെ സഹകരണം ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## വിദ്യാലയം

13. കുടുംബം എന്ന സുരക്ഷിത വലയത്തിൽ നിന്നും സമൂഹം എന്ന ബാഹ്യലോകത്തെ ഒരു കുട്ടിക്ക് പരിചയപ്പെടുത്തുന്ന ആദ്യകണ്ണികളാണ് വിദ്യാലയങ്ങൾ. "വിദ്യ" എന്നാൽ അറിവും "ആലയം" എന്നാൽ "വീടും" ആകുന്നു. ഭാവി കരുപിടിപ്പിക്കുന്നതിനും ഒരു ഉത്തമപൗരനായി വളരുന്നതിനുമുള്ള അറിവിനായി വിദ്യാലയങ്ങളിൽ എത്തുന്ന കരുന്നുകളുടെ രണ്ടാമത്തെ വീടായിട്ടാണ് വിദ്യാലയങ്ങൾ വർത്തിക്കേണ്ടതെന്ന് സമിതി വിലയിരുത്തുന്നു. സ്നേഹസമ്പന്നരായ അദ്ധ്യാപകരുടെ ശിക്ഷണത്തിന്റെ തണലിൽ വളരുന്ന കുട്ടികൾക്ക് അവരുടെ അറിവും കഴിവും വർദ്ധിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനും വിദ്യാലയങ്ങൾ വേദിയൊരുക്കിയിരുന്ന ഒരു വസന്തകാലം നമുക്ക് ഉണ്ടായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ നമുക്ക് കൈമോശം വന്ന ആ നല്ലകാലത്തെ തിരികെ കൊണ്ടുവരുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള ഒരു നൂതന പദ്ധതിയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം'.

14. നിഷ്കളങ്കരായ കുട്ടികൾ പോലും ലഹരി പദാർത്ഥങ്ങൾക്ക് അടിമയാകുന്ന തരത്തിലുള്ള ലഹരി മരുന്നുകൾ ഇന്ന് സ്കൂൾ പരിസരത്ത് വ്യാപകമാണ്. മിഠായി, പശ, ഗുളികകൾ എന്നിവയുടെ രൂപത്തിൽ ഇവ സ്കൂൾ പരിസരങ്ങളിലെ കടകളിൽ സുലഭമാണ്. ആയതിനാൽ വിദ്യാലയങ്ങൾക്ക് അടുത്ത് സ്ഥിതിചെയ്യുന്ന കടകളിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തണമെന്നും കൂടാതെ സ്കൂൾ പരിസരത്തിനടുത്ത് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദൂരപരിധി 100 മീറ്ററിൽ നിന്നും 500 മീറ്റർ ആയി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. ഇത്തരം സ്ഥാപനങ്ങൾ ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് ഒന്നിലധികം തവണ പിടിക്കപ്പെട്ടാൽ, ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. വിദ്യാർത്ഥികൾക്ക് ലഹരി പദാർത്ഥങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം നടത്തുന്നതിനോടൊപ്പംതന്നെ ആയതിന്റെ ലഭ്യത തടയുന്നതിനുകൂടി നടപടി സ്വീകരിച്ചില്ലെങ്കിൽ ബോധവൽക്കരണ പരിപാടികൾ വെറും ജലരേഖകൾ ആയി മാറുമെന്ന് സമിതി ഓർമ്മിപ്പിക്കുന്നു.

17. ഒരു വിദ്യാർത്ഥി പകൽ സമയത്ത് ആറു മണിക്കൂറിൽ കൂടുതൽ ചെലവിടുന്നത് വിദ്യാലയത്തിലാണ്. ഇക്കാരണത്താൽ അവന്റെ സ്വഭാവരൂപീകരണത്തിൽ വിദ്യാലയങ്ങൾ

പ്രധാനമായ പങ്ക് വഹിക്കുന്നു. വിവിധ ജീവിത സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികൾ ഒരു ക്ലാസ്സിൽ ഉണ്ടാകും. ഓരോ കുട്ടിയും ഒരു വ്യക്തിയാണെന്ന് മനസ്സിലാക്കി അവരുടെ കഴിവുകളും കുറവുകളും മനസ്സിലാക്കുവാൻ പ്രാപ്തനായിരിക്കണം ഒരു അദ്ധ്യാപകൻ. എങ്കിൽ മാത്രമേ സുദൃഢമായ ഒരു അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം വളർത്തിയെടുക്കുവാൻ ഒരു അദ്ധ്യാപകനു സാധിക്കുകയുള്ളൂ. ആയതിനാൽ കൃത്യമായ ഇടവേളകളിൽ അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. ക്ലാസ്സിലെ ഏതെങ്കിലുമൊരു വിദ്യാർത്ഥി മയക്കമരുന്നിനടിമയാണോ അതോ മയക്കമരുന്ന് വാഹകരാണോ എന്നത് കുട്ടിയുടെ പെരുമാറ്റം, മാനസികാവസ്ഥ, വസ്ത്രധാരണം എന്നിവയിൽ ഉണ്ടാകുന്ന പ്രകടമായ മാറ്റങ്ങൾ നിരീക്ഷിച്ച് സമർത്ഥനായ ഒരു അദ്ധ്യാപകന് മനസ്സിലാക്കുവാൻ സാധിക്കും. ഓരോ സ്ക്കൂളിലും കുട്ടികളിൽ സ്വാധീനം ചെലുത്തുവാൻ കഴിവുള്ള അദ്ധ്യാപകരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുകയാണെങ്കിൽ ഇത്തരം കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് അത് സഹായകരമാകുമെന്ന് സമിതി നിർദ്ദേശിക്കുന്നു.

19. എല്ലാ വിദ്യാലയങ്ങളിലും മാസത്തിൽ ഒരിക്കൽ നിർബന്ധമായും ലഹരി മരുന്ന് ഉപയോഗത്തിനെതിരെ എക്സൈസ്, ആരോഗ്യം, സാമൂഹ്യനീതി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത ചടങ്ങുകളിൽ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടത് പി.റ്റി.എ.യുടെ കടമയാണ്. വിദ്യാർത്ഥികൾ ലഹരി വസ്തുക്കൾക്ക് അടിമയാകുന്നതിന് ശിഥിലമായ കുടുംബ പശ്ചാത്തലം പ്രധാന പങ്കുവഹിക്കുന്നു. ആയതിനാൽ ഇത്തരം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുമ്പോൾ 100% രക്ഷിതാക്കളുടെ സാന്നിദ്ധ്യം, വിശേഷിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ രക്ഷിതാക്കളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിന് കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സംയോജിച്ച് പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ബോധവൽക്കരണ ക്ലാസ്സുകളുടെ തുടർ പ്രവർത്തനവുംകൂടി നിരീക്ഷിക്കുന്നതിന് സംവിധാനം ഉണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

20. സംസ്ഥാനത്തെ സ്ക്കൂളുകളിൽ വിദ്യാർത്ഥികളെ സ്ക്കൂളിന്റെ സൽപ്പേരു നിലനിർത്തുന്നതിനായി റ്റി.സി. നൽകി വിടുന്ന ഒരു പ്രവണത നിലനിൽക്കുന്നതായി സമിതി മനസിലാക്കുന്നു. സർക്കാർ സ്ക്കൂളുകളിൽ ഉയർന്ന ക്ലാസ്സുകളിൽ പ്രവേശനം ലഭിക്കുന്നതിന് വ്യക്തവും കൃത്യവുമായ മാർഗ്ഗരേഖ പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ലഹരി വസ്തുക്കളുടെ കൈമാറ്റം ഏറ്റവും അധികം നടക്കുന്നത് രാവിലെ, ഉച്ച, വൈകുന്നേരം എന്നീ സമയങ്ങളിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ

സമയങ്ങളിൽ സ്കൂൾ പരിസരങ്ങളിൽ സംശയാസ്പദമായ സാഹചര്യങ്ങളിൽ കറങ്ങി നടക്കുന്നവരെ നിരീക്ഷിക്കുന്നതിനും പിടികൂടുന്നതിനും ലഹരി വസ്തുക്കളുടെ കൈമാറ്റം തടയുന്നതിനുമായി യൂണിഫോമില്ലാത്ത പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരെ ഈ സമയങ്ങളിൽ സ്കൂൾ പരിസരത്ത് പട്രോളിംഗിന് നിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഈ അവസരങ്ങളിൽ അധികാരമുള്ള ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും പി.റ്റി.എ. പ്രതിനിധികളുടെയും സാന്നിദ്ധ്യം ലഹരി വിരുദ്ധ നടപടികൾ കൂടുതൽ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് സഹായകരമാകുമെന്നും സമിതി വിലയിരുത്തുന്നു.

22. സ്കൂൾ/കോളേജ് എന്നിവിടങ്ങളിൽ കലാകായികോത്സവങ്ങൾ നടക്കുന്ന സന്ദർഭങ്ങളിലാണ് വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുതലായി കണ്ടുവരുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ അവസരങ്ങളിൽ മഫ്റ്റിയിലുള്ള പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുടെ സേവനം സ്കൂൾ/കോളേജുകളിൽ നിർബന്ധമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കോളേജ് ഹോസ്റ്റലുകളിൽ അപ്രതീക്ഷിത പരിശോധന നടത്തുന്നതും അഭികാമ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

23. പാഠ്യപദ്ധതിയിൽ അധിഷ്ഠിതമായി വിദ്യാർത്ഥികൾക്കെങ്ങനെ ഉന്നത വിജയം കൈവരിക്കുവാൻ സാധിക്കും എന്നതുമാത്രമാണ് ഇന്ന് രക്ഷിതാക്കളും അദ്ധ്യാപകരും ലക്ഷ്യംവയ്ക്കുന്നത്. മറിച്ച് വിവിധ മേഖലയിലുള്ള കുട്ടിയുടെ സമഗ്രമായ വികസനമാണ് വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത് എന്ന തത്ത്വം ഇക്കൂട്ടർ മറന്നുപോകുന്നതായി സമിതി അഭിപ്രായപ്പെടുന്നു. രക്ഷിതാക്കളും വിദ്യാലയങ്ങളും കുട്ടികളിൽ അനാവശ്യ മത്സരബുദ്ധി വളർത്തുവാൻ ശ്രമിക്കുന്നതായി കാണാം. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളിൽ ആയത് മാനസിക സമ്മർദ്ദവും അപകർഷതാ ബോധവും ഉടലെടുക്കുന്നതിന് കാരണമാകുന്നു. ഇതിൽ നിന്നും താൽക്കാലിക മോചനത്തിനായി ലഹരിമരുന്ന് പരീക്ഷിക്കുന്ന കുട്ടി ക്രമേണ അതിന് അടിമയാകുന്നു. ആയതിനാൽ കുട്ടികളിൽ അനാവശ്യ മത്സരബുദ്ധി വളർത്തുന്നതിൽ നിന്നും രക്ഷിതാക്കളും വിദ്യാലയങ്ങളും പിൻമാറുന്നത് നന്നായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

24. ഇത്തരത്തിൽ മാനസിക പിരിമുറുക്കം അനുഭവിക്കുന്ന കുട്ടികൾക്ക് അത്താണിയായി സ്കൂളുകളിൽ ആവശ്യത്തിന് കൗൺസിലർമാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. രക്ഷിതാക്കളോടും അദ്ധ്യാപകരോടും പറയുവാൻ മടിക്കുന്ന പലകാര്യങ്ങളും അവർ കൗൺസിലർമാരോട് പങ്കുവെയ്ക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വിദ്യാർത്ഥികളുടെ പാഠ്യേതര വിഷയങ്ങളിൽ ഉള്ള കഴിവ് വികസിപ്പിക്കുന്നതിന് പാഠ്യേതര വിഷയങ്ങൾക്ക് കൂടി പാഠ്യപദ്ധതിയിൽ അർഹമായ സ്ഥാനം നൽകി കരിക്കുലം പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. കൂടാതെ പഠനവൈകല്യമുള്ള കുട്ടികളുടെ പ്രയാസങ്ങൾ മനസ്സിലാക്കി അവരെ കൂടി മുഖ്യധാരയിൽ എത്തിക്കുന്നതിന് സ്കൂൾതലത്തിൽ നടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. നമ്മുടെ ഇളം തലമുറയെ മദ്യം, മയക്കുമരുന്ന് എന്നീ വിപത്തുകളുടെ നീരാളി പിടിയിൽ നിന്നും അകറ്റുന്നതിനായി ചെറുപ്രായത്തിൽ തന്നെ ഇവയ്ക്കെതിരെ കുട്ടികളിൽ മാനസിക പ്രതിരോധം വളർത്തിയെടുക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന, ദൂഷ്യവശങ്ങളെ സംബന്ധിച്ച് ഒന്നാം ക്ലാസുമുതലുള്ള പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതോടൊപ്പം രക്ഷകർത്താക്കൾക്കും ഇതിനെതിരെയുള്ള ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

27. സ്കൂൾ സമയങ്ങളിൽ വിദ്യാർത്ഥികൾ ബുക്ക്, എഴുത്ത് സാമഗ്രികൾ മുതലായവ വാങ്ങുന്നതിനായി സ്കൂൾ പരിസരം വിട്ടുപോകുന്നത് ഒഴിവാക്കുന്നതിനായി, വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന വസ്തുക്കൾ ലഭ്യമാക്കുന്നതിന് ഒരു സ്റ്റോർ ഓരോ സ്കൂളിലും ആരംഭിക്കുന്നത് അഭികാമ്യമായിരിക്കും എന്ന് സമിതി അഭിപ്രായപ്പെടുന്നു.

28. സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സ്കൂൾ അസംബ്ലി സമയത്ത് ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി കുറച്ച് സമയം നീക്കിവയ്ക്കുന്നത് ഗുണം ചെയ്യുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്കൂളുകളിൽ ലഹരി മരുന്നിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി പ്രസംഗ മത്സരം, ഉപന്യാസ മത്സരം, ചിത്രരചന എന്നിവയും വിവിധ വകുപ്പുകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ലഹരി വിരുദ്ധ മത്സരങ്ങളിലെ വിജയികൾക്ക് ലോക ലഹരി വിരുദ്ധ ദിനമായ ജൂൺ 26-ന് ഒരു പൊതുയോഗത്തിൽ വച്ച് വിശിഷ്ട വ്യക്തിയിൽ നിന്നും സമ്മാനദാനം നടത്തുന്നത് കുട്ടികൾക്ക് ഒരു പ്രോത്സാഹനമാകുമെന്ന് സമിതി നിർദ്ദേശിക്കുന്നു.

29. സ്കൂളുകളിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന സഹപാഠികൾ, ലഹരി മരുന്ന് വാഹകരായ സഹപാഠികൾ, ക്ലാസ്സുകളിൽ ഇവ സൂക്ഷിക്കുന്ന സ്ഥലങ്ങൾ എന്നിവ സംബന്ധിച്ച വിവരം നൽകുന്ന കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

30. മയക്കമരുന്ന് വ്യാപനത്തിന് മാഫിയ കൈക്കൊണ്ടിട്ടുള്ള ഒരു നൂതന മാർഗ്ഗമാണ് കോളേജുകളിൽ പഠിതാക്കളായി പ്രവേശനം നേടുക എന്നുള്ളത്. ഇക്കൂട്ടർ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പരിരക്ഷ കവചമാക്കി മയക്കമരുന്ന് വ്യാപനം നടത്തുന്നതായി സമിതി അഭിപ്രായപ്പെടുന്നു.

31. മയക്കമരുന്ന് മാഫിയകൾ, കോളേജ് വിദ്യാർത്ഥികൾക്ക് മുന്തിയ മൊബൈൽ ഫോൺ, ബൈക്ക് എന്നിവ നൽകി അവരെ വശീകരിക്കുന്നു. ആയതിനാൽ കോളേജ് വിദ്യാർത്ഥികൾ മയക്കമരുന്നുമായി പിടിക്കപ്പെട്ടാൽ അവർക്കെതിരെയും അവർ ഉപയോഗിച്ച വാഹനത്തിന്റെ ഉടമയ്ക്കെതിരെയും, വാഹനം ഓടിച്ച ആളിനെതിരെയും നിയമനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ സ്കൂൾ സമയം കഴിഞ്ഞ്, വീട്ടിൽ മടങ്ങി എത്തിക്കഴിഞ്ഞാൽ അവർക്ക് ആവശ്യമായ കളിസ്ഥലം ഇല്ലാത്തത് ഒരു കാരണമായി മാറുന്നുണ്ട്. വൈകുന്നേരങ്ങളിൽ കവലകളിലും മരച്ചുവട്ടിലും അലക്ഷ്യമായി കൂടിനിൽക്കുന്ന വിദ്യാർത്ഥികളെ വളരെ വേഗം മയക്കമരുന്ന് വിതരണക്കാർക്ക് സ്വാധീനിക്കുവാൻ കഴിയുന്നു. ഗ്രാമപഞ്ചായത്തുകൾ മുൻകൈയ്യെടുത്ത് മതിയായ കളിസ്ഥലങ്ങൾ നിർമ്മിച്ചു നൽകുന്നത് വിദ്യാർത്ഥികളെ കളികളിലേയ്ക്ക് കൂടി ശ്രദ്ധ തിരിയ്ക്കുന്നതിനും മയക്കമരുന്ന് ശൃംഖലകളുടെ വലയിൽ പെടാതിരിയ്ക്കാനും സഹായകരമാകുമെന്ന് സമിതി അഭിപ്രായപ്പെടുന്നു

33. ലഹരി മരുന്നിന്റെ ഉപയോഗം തടയുന്നതിന്റെ ഭാഗമായി ലഹരിമരുന്ന് വിൽപ്പന നടത്തുന്നവർക്ക് മാത്രമല്ല ലഹരിമരുന്ന് ഉപയോഗിക്കുന്നവർക്കു കൂടി കടുത്ത ശിക്ഷ നൽകുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

34. നിശ്ചിത തൂക്കത്തിൽ കുറഞ്ഞ അളവിൽ മയക്കമരുന്നുമായി പിടിക്കപ്പെടുന്ന വ്യക്തിയെ ശിക്ഷിക്കുന്നതിന് നിലവിൽ ഇപ്പോഴത്തെ നിയമത്തിൽ വ്യവസ്ഥയില്ല. നിയമത്തിലെ ഈ പഴുതുകൾ ഉപയോഗപ്പെടുത്തി മയക്കമരുന്നു മാഫിയകൾ മയക്കമരുന്ന് വ്യാപനം നടത്തുന്നതായി സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ മയക്കമരുന്നുമായി പിടിക്കപ്പെടുന്ന വ്യക്തി, അത് എത്ര കുറഞ്ഞ അളവിലായിരുന്നാലും ലഭിക്കുന്ന ശിക്ഷയുടെ കാലാവധിയിലും പിഴ തുകയിലും കാര്യമായ വർദ്ധനവ് വരുത്തുന്ന രീതിയിൽ നിയമം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. കുട്ടികൾക്ക് മയക്കമരുന്ന് നൽകുന്നതുമായി ബന്ധപ്പെട്ട കേസുകളിൽ "ജുവൈനൽ ജസ്റ്റിസ് ആക്ട് " പ്രകാരം നൽകുന്ന 7 വർഷത്തെ തടവ് ശിക്ഷ നടപ്പിലാക്കുന്നതിന് എക്സൈസ് വകുപ്പിനെ കൂടി അധികാരപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. കോട്പാ (Cigarette & Other Tobacco Products Prohibition Act) (COTPPA) ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

37. സംസ്ഥാനത്ത് മയക്കുമരുന്ന് എത്തിക്കുന്നതിൽ ഇതരസംസ്ഥാന തൊഴിലാളികളടക്കം പങ്കുവഹിക്കുന്നവരെ കേന്ദ്രീകരിച്ച് ബസ്സ്റ്റാന്റ്, റയിൽവെ സ്റ്റേഷൻ എന്നിവിടങ്ങളിൽ പോലീസ്/എക്സൈസ് വകുപ്പുകളുടെ നേതൃത്വത്തിൽ പരിശോധന നടത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

38. ഇതരസംസ്ഥാന വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം ഇംഗ്ലീഷ്/ ഹിന്ദി ഭാഷകളിൽ സംഘടിപ്പിക്കുന്നത് കൂടുതൽ ഫലപ്രദമായിരിക്കുമെന്ന് സമിതി നിർദ്ദേശിക്കുന്നു.

39. ആരോഗ്യവും മനോവീര്യവും ഇച്ഛാശക്തിയും ഊർജ്ജസ്വലതയുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് സമിതി വ്യക്തമാക്കി. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ വകുപ്പുകൾ വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പാക്കി വരുന്ന നടപടികൾ, പദ്ധതികൾ എന്നിവ ചുവടെ ചേർത്തിരിക്കുന്നു:

**പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം**

40. ഒരു ക്ലാസിനെ ഒരു യൂണിറ്റായി കാണുമ്പോൾ ഓരോ കുട്ടിയുടെയും കഴിവുകളും കുറവുകളും എന്തൊക്കെയാണെന്ന് ഒരു അദ്ധ്യാപകന് മനസ്സിലാക്കുവാൻ സാധിക്കാതെ പോകുന്നു. ആയതിന് ഒരു പരിഹാരം എന്ന നിലയിലാണ് "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്ന നൂതന ആശയം പൊതു വിദ്യാഭ്യാസ വകുപ്പ് സമൂഹത്തിന്റെ മുമ്പിൽ വച്ചിട്ടുള്ളത്. ഒരു കുട്ടി ഒരു യൂണിറ്റ് എന്ന രീതിയിൽ വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസത്തിനാണ് പദ്ധതി ഊന്നൽ നൽകുന്നത്. ഇതു വഴി ഓരോ വിദ്യാർത്ഥിയെയും ശരിയായി മനസ്സിലാക്കുന്നതിനോടൊപ്പം അവന്റെ കഴിവുകളേയും കുറവുകളേയും കുറിച്ചുള്ള വ്യക്തമായ ഒരു ചിത്രം അദ്ധ്യാപകന് ലഭിക്കുന്നു. കുട്ടികളിൽ അന്തർലീനമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നത് വഴി കുട്ടിക്ക് സമഗ്രമായ വളർച്ച ഉണ്ടാകുന്നു. വിഷയ പഠനം മാത്രമല്ല, ഒരു കുട്ടിയുടെ കഴിവുകളുടെ സമഗ്രമായ വളർച്ച കൂടിയാണ് സമഗ്രമായ വിദ്യാഭ്യാസം കൊണ്ട് വിഭാവനം ചെയ്യുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ഈ പദ്ധതിയിൻ കീഴിൽ സർക്കാർ നേതൃത്വത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

41. ജീവിതത്തിൽ നേരിടേണ്ടി വരുന്ന എല്ലാ പ്രതിസന്ധികളേയും തരണം ചെയ്യുന്നതിന് പ്രാപ്തരാക്കുക എന്നൊരു ലക്ഷ്യം കൂടി വിദ്യാഭ്യാസത്തിനുണ്ട്. ആയതിനാൽ വിദ്യാർത്ഥികൾ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രധാന പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം അവനിൽ സൃഷ്ടിച്ചെടുക്കേണ്ടത് ആവശ്യമാണ്.

42. ഇന്നത്തെ ഇളം തലമുറ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ പ്രഥമ സ്ഥാനത്ത് നിൽക്കുന്നത് മദ്യം, ലഹരിമരുന്ന് ഉപയോഗമാണ്. ഇവയുടെ ഉപയോഗംമൂലം ഉണ്ടാകുന്ന ആരോഗ്യ, സാമ്പത്തിക, സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക വഴി മദ്യം, മയക്കമരുന്ന് എന്നിവയിൽ നിന്നും മുക്തമായൊരു തലമുറ വാർത്തെടുക്കുകയെന്നതുകൂടി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നു.

## എക്സൈസ് വകുപ്പ്

43. അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് സംസ്ഥാനത്ത് മദ്യ, മയക്കമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. മദ്യം/ലഹരിവസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നത്. മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവത്ക്കരിക്കുന്നതിന് എക്സൈസ് കമ്മീഷണർ നേരിട്ട് 360-ൽ അധികം സ്കൂളുകളിലും കോളേജുകളിലും ക്ലാസുകൾ നടത്തുകയുണ്ടായി. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ മറ്റ് വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ചേർന്ന് നിരവധി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരികയാണ്. വിദ്യാർത്ഥികൾ മദ്യം, മയക്കമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതു തടയുവാൻ സ്കൂൾ പരിസരങ്ങളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം ലഹരിക്കെതിരെ വൈവിദ്ധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു.

44. സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ്, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' എന്ന ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

45. മാതാപിതാക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ നിരീക്ഷണം നടത്തി ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി വകുപ്പ് കൗൺസിലിംഗ് നടത്തി വരുന്നു. ഇതോടനുബന്ധിച്ച് എക്സൈസ് വകുപ്പിന് കീഴിൽ വിമുക്തിയുടെ ഭാഗമായി ഇത്തരക്കാർക്കു വേണ്ടി കൗൺസിലിംഗ് സെന്റർ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

46. വിമുക്തി മിഷന്റെ ഭാഗമായി 2017 ജനുവരി 30 ന് സംസ്ഥാനത്തെ എല്ലാ സ്കൂൾ അസംബ്ലികളിലും വിദ്യാർത്ഥികളും, അധ്യാപകരും ലഹരിക്കെതിരെ പ്രതിജ്ഞയെടുത്തിട്ടുണ്ട്. പി.റ്റി.എ.-കളുമായി സഹകരിച്ചുകൊണ്ട് ലഹരിയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിന് 2815 ബോധവത്കരണ ക്ലാസുകളും, പൊതുവായി 2527 ബോധവത്കരണ പരിപാടികളും, ചർച്ചകളും, പ്രഭാഷണങ്ങളും സംഘടിപ്പിച്ചിട്ടുള്ളതാണ്. ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന സ്കൂളുകളിലെ ചുമരുകളിൽ ലഹരിക്കെതിരെയുള്ള സന്ദേശം Wall against drugs' എന്ന പേരിൽ കുറിച്ചിട്ടു. കൂടാതെ സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരിക്കെതിരെ സന്ദേശം ഉൾക്കൊള്ളുന്ന ചിത്രങ്ങൾ കുട്ടികൾ വരച്ച് പതിച്ചിട്ടുണ്ട്.

47. പി.റ്റി.എ.-കളുമായി സഹകരിച്ചുകൊണ്ട് രക്ഷിതാക്കൾക്കായി ബോധവത്ക്കരണ മീറ്റിംഗുകൾ സംഘടിപ്പിച്ചു വരുന്നു. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/ കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് കാമ്പസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ആരോഗ്യ വകുപ്പ്

48. ലഹരി ഉപയോഗത്തിൽ വിദ്യാർത്ഥികൾക്കിടയിൽ കണ്ടുവരുന്ന ഒരു പുതിയ പ്രവണതയാണ് രാസലഹരി മരുന്നുകളുടെ ഉപയോഗം. സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും കഫ് സിറപ്പുകൾ, വേദന സംഹാരികൾ മനോരോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങൾ എന്നിവ, ലഹരിക്കായി വിദ്യാർത്ഥികൾ ഉപയോഗിക്കുന്നത് എന്ത് വിലകൊടുത്തും തടയേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇതിനായി നിയമം അനുശാസിക്കുന്ന രീതിയിലും അളവിലുമാണ് പ്രസ്തുത മരുന്നുകൾ മെഡിക്കൽ സ്റ്റോറുകളിൽ സൂക്ഷിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനായി ഓരോ ജില്ലയിലും ഡ്രഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്കൂൾ/കോളേജ് പരിസരങ്ങളിലെ മെഡിക്കൽ സ്റ്റോറുകളിൽ വ്യാപകമായ പരിശോധന നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

49. 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് ഇത്തരത്തിലുള്ള മരുന്ന് വിൽക്കുന്നതും അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ ഇത്തരം മരുന്നുകളുടെ വിൽപ്പന നടത്തുന്നതും നിരോധിക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുന്നത് അഭികാമ്യമായിരിക്കും എന്ന് സമിതി അഭിപ്രായപ്പെടുന്നു.

50. ആശുപത്രികൾ കേന്ദ്രീകരിച്ച് ഇത്തരം മരുന്നുകളുടെ വ്യാപനം നടക്കുന്നതായി സമിതി മനസിലാക്കുന്നു. ആയത് തടയുന്നതിനായി പോലീസ്/ എക്സൈസ് വകുപ്പുകൾ ആശുപത്രി അധികൃതരുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

51. ശിഥിലമായ കുടുംബാന്തരീക്ഷത്തിൽ നിന്നും വരുന്ന കുട്ടികൾ മാത്രമല്ല പഠനവൈകല്യമുള്ള കുട്ടികളും ലഹരി മരുന്നിൽ അഭയം തേടുന്നതായി കണ്ടുവരുന്നുണ്ടെന്ന് സമിതിയ്ക്ക് അഭിപ്രായമുണ്ട്. ഈ കൂട്ടരെ കൗൺസിലിംഗ് വഴി സൻമാർഗത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ വിദ്യാർത്ഥികൾക്കുമാത്രമായി ഒരു സൈക്യാട്രിക്ക് ചികിത്സാസംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇങ്ങനെ കൗൺസിലിംഗിന് വിധേയരായിട്ടും സാധാരണ നിലയിലേയ്ക്ക് കൊണ്ടുവരുവാൻ സാധിക്കാത്ത കുട്ടികളെ ഡി-അഡിക്ഷൻ സെന്ററുകളിലേയ്ക്ക് മാറ്റുന്നതിന് സംവിധാനം ഉണ്ടാക്കണം എന്ന് സമിതി നിർദ്ദേശിക്കുന്നു.

52. കുട്ടികളിൽ കണ്ടുവരുന്ന മാനസിക-പഠന വൈകല്യങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയായ 'സത്ഗമ'യിൽ ഒരു സൈക്കോളജിസ്റ്റിന്റെയും ഒരു സ്പെഷ്യൽ എഡ്യൂക്കേഷൻ ടീച്ചറുടെയും സേവനം സർക്കാർ നൽകിവരുന്നു. ഈ പദ്ധതി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

53. ലഹരി മരുന്ന് ഉപയോഗത്തിനടിമയായ കുട്ടിയെ അതിൽ നിന്നും മോചിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് കേരളത്തിൽ കുട്ടികൾക്കായി ഒരു ഡി-അഡിക്ഷൻ സെന്റർ പോലുമില്ലെന്നുള്ളത് ഖേദകരമായ ഒരു വസ്തുതയാണെന്നത് സമിതി ഓർമ്മിപ്പിക്കുന്നു. സാധാരണ ഡി-അഡിക്ഷൻ സെന്ററുകളിൽ ചികിത്സയ്ക്കായി പ്രവേശിപ്പിക്കുന്ന ഇത്തരം കുട്ടികളുടെ മാനസികാവസ്ഥ ചികിത്സാനന്തരം പഴയതിലും മോശപ്പെട്ടതായാണ് കണ്ടുവരുന്നതെന്നും ആയതിനാൽ ലഹരി വസ്തുക്കൾക്ക് അടിമയായ കുട്ടികളെ ചികിത്സിക്കുന്നതിന് ഓരോ ജില്ലാ ആസ്ഥാനത്തും കുട്ടികൾക്ക് മാത്രമായി ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇക്കൂട്ടരുടെ ചികിത്സയോടൊപ്പം തന്നെ സംഗീതം, വാദ്യോപകരണം, ചിത്രരചന, തുടങ്ങിയവയിൽ പരിശീലനം നൽകുന്നത് ഗുണകരമാകും എന്ന് സമിതി അഭിപ്രായപ്പെടുന്നു.

54. ലഹരി മുക്തി ചികിത്സ കഴിഞ്ഞ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ച് ബന്ധപ്പെട്ടവർക്ക് അറിവില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവർക്ക് ബോധവൽക്കരണം

നൽകുന്നതിന് സംവിധാനം ഉണ്ടാക്കുന്നതിനോടൊപ്പം ഇക്കൂട്ടരെ നിരീക്ഷിക്കുന്നതിനുള്ള നടപടി കൂടി ഉണ്ടാകണം എന്ന് സമിതി നിർദ്ദേശിക്കുന്നു. ചികിത്സയിലൂടെ ലഹരി മുക്തി നേടിയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂളുകളിലും മറ്റും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത് ഫലപ്രദമായിരിക്കും എന്ന് സമിതിയ്ക്ക് അഭിപ്രായമുണ്ട്. "അനുഭവം ഗുരു" എന്നാണല്ലോ പ്രമാണം. അനുഭവസ്ഥർ തങ്ങൾ അനുഭവിച്ച പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ശ്രോതാക്കളുമായി നേരിട്ട് പങ്കുവെയ്ക്കുമ്പോൾ അത് ഉണ്ടാക്കുന്ന സ്വാധീനം വളരെ വലുതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

## സാമൂഹ്യനീതി വകുപ്പ്

55. വിദ്യാർത്ഥികൾക്കിടയിലെ ലഹരി മരുന്ന് ഉപയോഗം തടയുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കിടയിലെ മാനസിക പിരിമുറുക്കം, ലഹരിമരുന്ന് ഉപയോഗം എന്നിവ പരിഹരിക്കുന്നതിന് നിലവിൽ 66 സ്കൂളുകളിൽ കൗൺസിലർമാരുടെ സേവനം വകുപ്പ് നൽകി വരുന്നുണ്ട്. പ്രശ്നക്കാരായ കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി വകുപ്പ് നടത്തി വരുന്ന പദ്ധതികളാണ് "കാവൽ", "കരുതൽ" എന്നിവ. മയക്കമരുന്നിന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായി ജുവനൈൽ ജസ്റ്റിസ് ആക്ടിലെ സെക്ഷൻ 77 പ്രകാരം മയക്കമരുന്ന് കൈകാര്യം ചെയ്യുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്.

ലഹരി വിമുക്തമായൊരു സമൂഹത്തെ സൃഷ്ടിക്കണമെങ്കിൽ ആയതിന്റെ ഉൽപ്പാദനവും വിപണനവും നിരോധിക്കേണ്ടതാണ്. ആയത് പ്രാവർത്തികമാക്കുന്നതിന് പരിമിതികൾ ഉള്ളതിനാൽ, സ്വീകാര്യമായ അടുത്ത മാർഗ്ഗം ഇവയ്ക്ക് എതിരെ മാനസിക ഉപരോധം സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകികൊണ്ടുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ്. പൊതുജന പങ്കാളിത്തത്തോടെ 'ലഹരി വിമുക്ത കേരളം' എന്ന സ്വപ്നം സാർത്ഥകമാക്കുവാൻ സർക്കാരിന് സാധിക്കുമെന്ന വിശ്വാസം സമിതിയ്ക്കുണ്ട്. നാടിന്റെ വസന്തങ്ങളായ യുവതലമുറ മദ്യ/ലഹരി വസ്തുക്കൾ എന്നിവയുടെ തീക്കാറ്റേറ്റ് കൊഴിഞ്ഞുപോകാതെ, കർമ്മകുശലതയുള്ള ഒരു യുവജനതയെ സൃഷ്ടിക്കുന്നതിൽ റിപ്പോർട്ടിലെ ശിപാർശകൾ സഹായകരമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

## ശിപാർശകൾ/നിർദ്ദേശങ്ങൾ

1. ലഹരിവസ്തുക്കൾക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ആദിവാസി മേഖലകളിൽ സംഘടിപ്പിക്കുന്നതിനും, പ്രസ്തുത പരിപാടിയിൽ ഈ കൂട്ടരുടെ മുഴുവൻ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ആശാ പ്രവർത്തകർ എന്നിവർ സംയുക്തമായി പ്രവർത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. വിദ്യാലയങ്ങൾക്ക് അടുത്ത് സ്ഥിതിചെയ്യുന്ന കടകളിൽ പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തണമെന്നും കൂടാതെ സ്കൂൾ പരിസരത്തിനടുത്ത് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദൂരപരിധി 100 മീറ്ററിൽ നിന്നും 500 മീറ്റർ ആയി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. ലഹരിപദാർത്ഥങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട്, സ്ഥാപനങ്ങൾ ഒന്നിലധികം തവണ പിടിക്കപ്പെട്ടാൽ, ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ഓരോ കുട്ടിയും ഒരു വ്യക്തിയാണെന്ന് മനസ്സിലാക്കി അവരുടെ കഴിവുകളും കുറവുകളും മനസ്സിലാക്കുവാൻ പ്രാപ്തനായിരിക്കണം ഒരു അദ്ധ്യാപകൻ. എങ്കിൽ മാത്രമേ സുദൃഢമായ ഒരു അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം വളർത്തിയെടുക്കുവാൻ ഒരു അദ്ധ്യാപകനു സാധിക്കുകയുള്ളൂ. ആയതിനാൽ അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം സുദൃഢമാക്കാൻ കൃത്യമായ ഇടവേളകളിൽ അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുമ്പോൾ 100% രക്ഷിതാക്കളുടെ സാന്നിദ്ധ്യം, വിശേഷിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ രക്ഷിതാക്കളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിന് കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുൻകൈയെടുക്കണമെന്നും ബോധവത്ക്കരണ ക്ലാസ്സുകളുടെ തുടർപ്രവർത്തനവും കൂടി നിരീക്ഷിക്കുന്നതിനും സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. ലഹരിവസ്തുക്കളുടെ കൈമാറ്റം ഏറ്റവും അധികം നടക്കുന്ന രാവിലെ, ഉച്ച, വൈകുന്നേരം എന്നീ സമയങ്ങളിൽ സ്കൂൾ പരിസരങ്ങളിൽ സംശയാസ്പദമായ സാഹചര്യങ്ങളിൽ കറങ്ങി നടക്കുന്നവരെ നിരീക്ഷിക്കുന്നതിനും പിടികൂടുന്നതിനും ലഹരി വസ്തുക്കളുടെ കൈമാറ്റം തടയുന്നതിനുമായി യൂണിഫോമിലുള്ള പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരെ ഈ സമയങ്ങളിൽ സ്കൂൾ പരിസരത്ത് പട്രോളിംഗിന് നിയോഗി ക്കുന്നതിന് പുറമെ പി.ടി.എ./സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവയിൽപ്പെട്ടവരിൽ ആരെയെങ്കിലും സ്കൂൾ പരിസരത്ത് നിയോഗിക്കുന്നതും ഉചിതമായിരിക്കുമെന്നും സമിതി നിർദ്ദേശിക്കുന്നു.

7. സ്കൂൾ/കോളേജ് എന്നിവിടങ്ങളിൽ കലാകായികോത്സവങ്ങൾ നടക്കുന്ന സന്ദർഭങ്ങളിൽ മഫ്തിയിലുള്ള പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുടെ സേവനം സ്കൂൾ/ കോളേജുകളിൽ നിർബന്ധമാക്കണമെന്നും എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കോളേജ് ഹോസ്റ്റലുകളിൽ അപ്രതീക്ഷിത പരിശോധന നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. മാനസിക പിരിമുറുക്കം അനുഭവിക്കുന്ന കുട്ടികൾക്ക് അത്താണിയായി സ്കൂളുകളിൽ ആവശ്യത്തിന് കൗൺസിലർമാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. വിദ്യാർത്ഥികളുടെ പാഠ്യേതര വിഷയങ്ങളിൽ ഉള്ള കഴിവ് വികസിപ്പിക്കുന്നതിന് പാഠ്യേതര വിഷയങ്ങൾക്ക് കൂടി പാഠ്യപദ്ധതിയിൽ അർഹമായ സ്ഥാനം നൽകി കരിക്കുലം പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. പഠനവൈകല്യമുള്ള കുട്ടികളുടെ പ്രയാസങ്ങൾ മനസ്സിലാക്കി അവരെ കൂടി മുഖ്യധാരയിൽ എത്തിക്കുന്നതിന് സ്കൂൾതലത്തിൽ നടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംമൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ച് ഒന്നാം ക്ലാസുമുതലുള്ള പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതോടൊപ്പം ഇതിനെതിരെയുള്ള ബോധവത്ക്കരണം രക്ഷകർത്താക്കൾക്കുംകൂടി നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. സ്കൂളുകളിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന സഹപാഠികൾ, ലഹരി മരുന്ന് വാഹകരായ സഹപാഠികൾ, ക്ലാസ്സുകളിൽ ഇവ സൂക്ഷിക്കുന്ന സ്ഥലങ്ങൾ എന്നിവ സംബന്ധിച്ച വിവരം നൽകുന്ന കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. വിദ്യാർത്ഥികളുടെ ശ്രദ്ധ കളികളിലേയ്ക്കുകൂടി തിരിയുവാനും മയക്കുമരുന്ന് ശൃംഖലകളുടെ വലയിൽപ്പെടാതിരിയ്ക്കാനും ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുത്ത് മതിയായ കളിസ്ഥലങ്ങൾ നിർമ്മിച്ചു നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. വിദ്യാർത്ഥികൾ മയക്കുമരുന്നുമായി പിടിക്കപ്പെട്ടാൽ അവർക്കെതിരെയും അവർ ഉപയോഗിച്ച വാഹനത്തിന്റെ ഉടമയ്ക്കെതിരെയും വാഹനം ഓടിയ്ക്കുന്ന ആളിനെതിരെയും നിയമനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. മയക്കുമരുന്നുമായി പിടിക്കപ്പെടുന്ന വ്യക്തി ഏത് പ്രായത്തിലായാലും അത് എത്ര അളവിലായിരുന്നാലും ലഭിക്കുന്ന ശിക്ഷയുടെ കാലാവധിയിലും പിഴ തുകയിലും കാര്യമായ വർദ്ധനവ് വരുത്തുന്ന രീതിയിൽ നിയമം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. കുട്ടികൾക്ക് മയക്കമരുന്ന് നൽകുന്നതുമായി ബന്ധപ്പെട്ട കേസുകളിൽ "ജുവൈനൽ ജസ്റ്റിസ് ആക്ട്" പ്രകാരം നൽകുന്ന 7 വർഷത്തെ തടവു ശിക്ഷ നടപ്പിലാക്കുന്നതിന് എക്സൈസ് വകുപ്പിനെ കൂടി അധികാരപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. കോട്പാ (Cigarette & Other Tobacco Products Prohibition Act) (COTPPA) ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെടുന്നവരെ കേന്ദ്രീകരിച്ച് ബസ്സ്റ്റാന്റ്, റയിൽവെ സ്റ്റേഷൻ എന്നിവിടങ്ങളിൽ പോലീസ്/എക്സൈസ് വകുപ്പുകളുടെ നേതൃത്വത്തിൽ പരിശോധന നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. കഫ് സിറപ്പുകൾ, വേദന സംഹാരികൾ മനോരോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങൾ എന്നിവ നിയമം അനുശാസിക്കുന്ന രീതിയിലും അളവിലുമാണ് മെഡിക്കൽ സ്റ്റോറുകളിൽ സൂക്ഷിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഓരോ ജില്ലയിലും ഡ്രഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്കൂൾ/കോളേജ് പരിസരങ്ങളിലെ മെഡിക്കൽ സ്റ്റോറുകളിൽ മിന്നൽ പരിശോധന വ്യാപകമായി നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള മയക്ക മരുന്നുകളുടെ വ്യാപനം തടയുന്നതിനായി പോലീസ്/എക്സൈസ് വകുപ്പുകൾ ആശുപത്രി അധികൃതരുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. കുട്ടികളിൽ കണ്ടുവരുന്ന മാനസിക-പഠന വൈകല്യങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ 'സത്ഗമയ' പദ്ധതിയിൽ വിദ്യാഭ്യാസ വകുപ്പ് കൂടി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

23. ലഹരി വസ്തുക്കൾക്ക് അടിമയായ കുട്ടികളെ ചികിത്സിക്കുന്നതിന് ഓരോ ജില്ലാ ആസ്ഥാനത്തും കുട്ടികൾക്ക് മാത്രമായി ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നിയമപരിഷ്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ലഹരി മുക്തി ചികിത്സ കഴിഞ്ഞ കുട്ടികളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവർക്ക് ബോധവൽക്കരണം നൽകുന്നതിന് സംവിധാനം ഉണ്ടാക്കുന്നതിനോടൊപ്പം ഇക്കൂട്ടരെ നിരീക്ഷിക്കുന്നതിനുള്ള നടപടി കൂടി ആവിഷ്കരിക്കണം എന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. സ്കൂൾ/കോളേജുകളിൽ സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടിയിൽ ചികിത്സയിലൂടെ ലഹരിമുക്തത നേടിയ വ്യക്തികൾ, വിദ്യാർത്ഥികൾ എന്നിവരെക്കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. ലഹരി മരുന്നിന്റെ ഉപയോഗംമൂലമുണ്ടാകുന്ന അതിഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ബോധ്യപ്പെടുത്തുന്ന തരത്തിൽ ശാസ്ത്രീയമായി വിവരിക്കുന്ന ഹ്രസ്വചിത്രങ്ങൾ സ്കൂൾ/കോളേജ് തലങ്ങളിൽ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി നിർമ്മിച്ച് പ്രദർശിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. താലൂക്ക്തലത്തിൽ ജനപ്രതിനിധികൾ/എക്സൈസ്/പോലീസ്/ആരോഗ്യം എന്നീ വകുപ്പ് പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അവിടെ സ്കൂൾ പ്രതിനിധികൾക്കും, അദ്ധ്യാപകർക്കും, രക്ഷകർത്താക്കൾക്കും രഹസ്യമായി മയക്കമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന് ഒരു സ്ഥിരം സമിതി രൂപീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. സംസ്ഥാനത്തെ ചില സ്കൂളുകൾ വിദ്യാർത്ഥികളെ സ്കൂളിന്റെ സൽപ്പേര് നിലനിർത്തുന്നതിനായി റ്റി.സി. നൽകിവിടുന്ന പ്രവണത നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകുന്നതിന് വ്യക്തവും കൃത്യവുമായ മാർഗ്ഗരേഖ പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ഇതര സംസ്ഥാന വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കരണം ഹിന്ദി/ഇംഗ്ലീഷ് ഭാഷയിൽക്കൂടി സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. കുട്ടികളിൽ ജനാധിപത്യബോധവും, പൗരബോധവും, സാമൂഹിക പ്രതിബദ്ധതയും സൃഷ്ടിക്കുന്നതരത്തിലുള്ള കലാകായിക പ്രവർത്തനങ്ങൾ സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവ സ്കൂൾതലങ്ങളിൽ നടപ്പാക്കുന്നത് കുട്ടികൾക്ക് മയക്കമരുന്നിനോടുള്ള അകലംപാലിക്കാൻ സഹായിക്കുമെന്ന് സമിതി നിർദ്ദേശിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2018 മാർച്ച് 28.

705/2018.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.